(സി) വന്യമൃഗങ്ങളുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവി ആക്രമണം ഉണ്ടാകാറുള്ള പ്രദേശങ്ങളിൽ 3 കി.മീ. ദൂരം വൈദ്യുത കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആറളം ഫാമിൽ കാട്ടാനക്കൂട്ടങ്ങൾ ഇറങ്ങുമ്പോൾ താൽക്കാലിക വാച്ചർമാരുടെയും ആറളം ഫാം തൊഴിലാളികളുടെയും സഹായത്തോടെ വന സംരക്ഷണ ഉദ്യോഗസ്ഥന്മാർ കാട്ടാനകളെ കാട്ടിലേക്ക് ഓടിച്ചുവിടാറുണ്ട്.

(സി) നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ നിയമാനുസരണം വിതരണം ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

56 (344) വനം വകുപ്പുദ്യോഗസ്ഥന്മാരുടെ സർവ്വീസ് കാലാവധി നീട്ടിക്കൊടുത്ത നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സർവ്വീസ് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ സർവ്വീസ് കാലാവധിയാണ് നീട്ടിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

57 (345) ഫോറസ്റ്റ് ഗാർഡുകളുടെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പി. എസ്. സി. തയ്യാറാക്കിയിട്ടുള്ള ഫോറസ്റ്റ് ഗാർഡുമാരുടെ ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതുവരെ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നറിയുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ഏല്ലാ ജില്ലകളിലും ഉണ്ടാകുന്ന ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly